**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5722** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർ ആശ്രിതരായുള്ള സർക്കാർ ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാർ ആശ്രിതരായുള്ള സർക്കാർ ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റത്തിലുള്ള ഏതെങ്കിലും ഇളവുകൾ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | 16/03/2024-ലെ സ.ഉ.(സാധാ) നം. 46/2024/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കി വരുന്നത്. ടി ഉത്തരവിലെ ഖണ്ഡിക 8(സി) പ്രകാരം ഭിന്നശേഷിയുള്ള ജീവിത പങ്കാളിയെ സംരക്ഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര സർക്കാരിന്റെ 08/10/2018 ലെ 42011/3/2014 Estt(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ പരാമർശിച്ചിട്ടുള്ള സ്പെഷ്യൽ ഡിസബിലിറ്റിയുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളായ സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ നിർബന്ധിത പൊതുസ്ഥലംമാറ്റത്തിൽ നിന്നും 5 വർഷക്കാലയളവിലേക്ക് കഴിവതും ഒഴിവാക്കേണ്ടതാണെന്നും ടി ജീവനക്കാരെ 5 വർഷം കഴിഞ്ഞാൽ സ്ഥലം മാറ്റുന്നെങ്കിൽ കഴിവതും സമീപത്തുള്ള ഓഫീസിൽ മാറ്റി നിയമിക്കേണ്ടതാണെന്നും എന്നാൽ ടി ജീവനക്കാർ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുന്ന പക്ഷം പൊതു സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലംമാറ്റംഅനുവദിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>രക്ഷിതാക്കൾ ഇല്ലാത്തതോ/രക്ഷിതാക്കൾക്ക് സംരക്ഷണം നൽകുവാൻ കഴിയാത്തതോ ആയ സാഹചര്യത്തിൽ, ഭിന്നശേഷിക്കാരായ സഹോദരങ്ങളെ സംരക്ഷിക്കുന്ന ജീവനക്കാർക്ക്, ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഇളവുകൾ/മുൻഗണനകൾ നിശ്ചയിച്ച് നൽകുന്നതു സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിൽ പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ ഭിന്നശേഷിക്കാരിയായ സഹോദരിയുടെ ഏക ആശ്രയമായ ശ്രീമതി അമൃത, ക്ലർക്ക്, പെരുമ്പളം പഞ്ചായത്ത്, ചേർത്തല, ആലപ്പുഴ എന്നയാളുടെ പിതാവായ ശ്രീ. വിജയൻ, കാര്യമ്പത്തിൽ വീട്, വയനാട് എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഒരു ഒഴിവ് മാത്രം നിലനിൽക്കെ, ഇതുമായി ബന്ധപ്പെട്ട് 6 അപേക്ഷകൾ വകുപ്പ് മേധാവിയുടെ പരിഗണനയിൽ വന്നിരുന്നു. ആയതിൽ ശ്രീമതി അമൃത കെ വി-യെക്കാൾ അപേക്ഷാ സീനിയോറിറ്റി ഉള്ള ജീവനക്കാർ ഉണ്ടായിരുന്നതിനാൽ പ്രസ്തുത അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലാതെ വരികയും ടി വിവരം 15/03/2025-ലെ LSGD/PD/40877/2024-DEC4 നമ്പർ കത്ത് മുഖേന അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ